DESPATCHED
On 18/12/21



26/11/2021

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
E-mail: sic@kerala.nic.in

**ഹർജി നമ്പർ CP No. 287(6)/2021/*എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.5919/*എസ്.ഐ.സി–ജി 5/2021***

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**അഡ്വ. അബ്ദുൾ സലിം. എം,**
**സമീർ മൻസിൽ,**
**പി.വി. നോർത്ത്, തഴവ പി.ഒ,**
**കരുനാഗപ്പള്ളി, കൊല്ലം – 690 523.** } **പരാതി ഹർജിക്കാരൻ**

**Vs.**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **മാനേജർ (എഞ്ചിനീയറിംഗ്, പ്രോജക്ട് & മെറ്റീരിയൽസ്),**
   **കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്,**
   **കലവൂർ, ആലപ്പുഴ – 688 522**
2. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **ഡെപ്യൂട്ടി മാനേജർ (മെയിന്റനൻസ്),**
   **കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്,**
   **കലവൂർ, ആലപ്പുഴ – 688 522**
3. **അപ്പീൽ അധികാരി,**
   **കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്,**
   **കലവൂർ, ആലപ്പുഴ – 688 522**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 18/11/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 28/12/2020, 12/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 19/03/2021 |
| മറുപടി ലഭ്യമായ തീയതി | 24/08/2021 |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 17/04/2021 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 17/06/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 30/06/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 16/11/2021<br>ഗസ്റ്റ് ഹൗസ് ആശ്രമം,<br>കൊല്ലം |

| ഹിയറിംഗിലെ സാന്നിധ്യം : പരാതി ഹർജിക്കാരൻ | ഹാജരായി |
|---|---|
| എസ്.പി.ഐ.ഒ | ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ അഡ്വ. അബ്ദുൾ സലിം. എം, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് 40 ദിവസം കഴിഞ്ഞ് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ അറിയുന്നതിനു വേണ്ടി ബന്ധപ്പെട്ട സെക്ഷനുകളിൽ അറിയിച്ചിരിക്കുന്നതിനാൽ മറുപടി നൽകുന്നതിന് 15 ദിവസം കൂടി സമയം ആവശ്യപ്പെടുകയായിരുന്നുവെന്നും എന്നാൽ 45 ദിവസം കഴിഞ്ഞപ്പോൾ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമം 8(ഡി), 8(ഇ), 8(ജെ) വകുപ്പിന്റെ പരിധിയിൽ വരുന്നതിനാൽ കൂടുതൽ വെളിപ്പെടുത്തലുകൾക്ക് നിർവ്വാഹമില്ലെന്നാണ് രണ്ടാം എതിർകക്ഷി അറിയിച്ചതെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ അടിയന്തിരമായി നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. പരാതി ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ 18.11.2020 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) കെ.എസ്.ഡി.പി. ഇൻജക്ഷൻ ഉത്പാദിപ്പിക്കുന്നതിനു ആവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങി സ്വന്തം നിലയിൽ ഇൻജക്ഷൻ ഉത്പാദിപ്പിച്ച് വിപണനം നടത്തുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ കെ.എസ്.ഡി.പി. ഇൻജക്ഷൻ ഉത്പാദനം തുടങ്ങിയ തീയതി, കെ.എസ്.ഡി.പി. ഉത്പാദിപ്പിക്കുന്ന ഓരോ ഇനം ഇൻജക്ഷന്റേയും പേരു വിവരം, ബാച്ച് നമ്പർ, ഉത്പാദിപ്പിച്ച തീയതി, എണ്ണം, തുക എന്നിവയുടെ ഇനം തിരിച്ച പട്ടികയും

2) ഇപ്രകാരം ഉത്പാദിപ്പിച്ച ഇൻജക്ഷൻ ഏതെങ്കിലും സ്ഥാപനങ്ങൾക്കോ/മാർക്കറ്റിലോ വിൽപ്പന നടത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഇപ്രകാരം ഇൻജക്ഷൻ വാങ്ങിയ ഓരോ സ്ഥാപനത്തിന്റേയും പേരു വിവരം, വാങ്ങിയ തീയതി, വാങ്ങിയ ഓരോ ഇനം ഇൻജക്ഷന്റേയും പേരു വിവരം, ബാച്ച് നമ്പർ, ഉത്പാദിപ്പിച്ച തീയതി, എണ്ണം, തുക, വിതരണം ചെയ്ത തീയതി

എന്നിവയുടെ ഇനം തിരിച്ച പട്ടിക എന്നിങ്ങനെ പത്തിനങ്ങളിലായുള്ള വിവരങ്ങ ളാണ്.

3. പരാതി ഹർജിക്കാരന്റെ 18.11..2020 ലെ അപേക്ഷയ്ക്ക് 28.12.2020, 12.02.2021 തീയതികളിൽ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 19.03.2021 ൽ 3-ാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചതായും ടി അപ്പീലിന് 24.08.2021 ൽ മറുപടി നൽകിയി ട്ടുള്ളതുമാണ്.

4. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 10.09.2021 തീയതി വച്ച് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പരാതിക്കാരന്റെ അപേക്ഷയ്ക്ക് 28.12.2020, 12.02.2021 തീയതികളിൽ മറുപടി നൽകിയിട്ടുള്ളതാണെന്നും ടിയാൻ ആവശ്യ പ്പെട്ട രേഖകൾ കമ്പനിയുടെ വ്യാപാര വാണിജ്യ രഹസ്യത്തെ പറ്റി ആയതു കൊണ്ട് ടി രേഖകൾ എല്ലാം തന്നെ പൊതുജനത്തിന്റെ ഭൂരിപക്ഷ താല്പര്യ ത്തിന് വേണ്ടിയാണെന്ന് കരുതാനാവില്ലെന്നും ആയതിനാലാണ് ടിയാൻ ആവശ്യപ്പെട്ട രേഖകൾ നൽകാതിരുന്നതെന്നും ടി മറുപടിക്കെതിരെ ടിയാൻ അപ്പീലധികാരിക്ക് മുമ്പാകെ അപ്പീൽ സമർപ്പിച്ചുവെന്നും ടി അപ്പീലിന് അപ്പീല ധികാരി ആവശ്യമായ രേഖകൾ സഹിതം മറുപടി നൽകുകയും ചെയ്തിട്ടുള്ള താണെന്നാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, പരാതി ക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയ തായി കാണുന്നില്ല. 16.11.2021 ൽ കമ്മീഷൻ കൊല്ലം ഗസ്റ്റ് ഹൗസിൽ വച്ച് നട ത്തിയ ഹിയറിംഗിൽ ഇരുകക്ഷികളും പങ്കെടുത്ത് മൊഴി നൽകിയിട്ടുള്ളതാണ്. പരാതിക്കാരന്റെ 18.11.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് 40 ദിവസം കഴിഞ്ഞ് 28.12.2020 ൽ നൽകിയിരിക്കുന്ന മറുപടിയിൽ വീണ്ടും 15 ദിവസത്തെ സമയം കൂടി ചോദിച്ചുകൊണ്ടാണ് ഒന്നാം എതിർകക്ഷി മറുപടി നൽകിയിരിക്കു ന്നത്. വീണ്ടും 45 ദിവസത്തിനു ശേഷം 12.02.2021 ൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമം 8(ഡി), 8(ഇ), 8(ജെ) വകുപ്പിന്റെ പരിധിയിൽ വരുന്നതിനാൽ കൂടുതൽ വെളിപ്പെടുത്തലുകൾക്ക് നിർവ്വാഹമില്ലെന്നാണ് അറി യിച്ച് രണ്ടാം എതിർകക്ഷി മറുപടി നൽകിയിരിക്കുന്നു. മാത്രവുമല്ല ടി മറു പടികളിൽ മറുപടി നൽകിയ ഉദ്യോഗസ്ഥന്റെ പേര്, ആഫീസ് സീൽ, ഫോൺ

നമ്പർ തുടങ്ങിയവ ഒന്നും തന്നെ കാണുന്നില്ല. തികച്ചും അശ്രദ്ധമായും ഉദാസീനമായും വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്ത ഒന്നും രണ്ടും എതിർകക്ഷികളെ കമ്മീഷൻ ശക്തമായി താക്കീതു ചെയ്യുന്നു. വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകാതിരുന്ന പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത് ഗുരുതരമായ വീഴ്ചയായി കമ്മീഷൻ കാണുന്നു. ടി എതിർകക്ഷിയുടെ നടപടി വിവരാവകാശനിയമം 7(1) വകുപ്പിന്റെ ലംഘനവും കുറ്റകരവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്. നിലവിലെ SPIO പരാതിക്കാരന്റെ അപേക്ഷയിലെ ചോദ്യങ്ങൾക്ക് പൂർണ്ണമായതും വിശദവുമായ മറുപടിയും ഈ ഉത്തരവ് ലഭിച്ച് 20 ദിവസങ്ങൾക്കകം നൽകേണ്ടതാണെന്നും ആ വിവരം കമ്മീഷനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 26-ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)

**അഡ്വ.എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm